(ബി) ചരിത്ര വിദ്യാർത്ഥികൾക്കും, ഭാഷാസ്നേഹികൾക്കും ഗവേഷകർക്കും വളരെ ഉപകാരപ്രദമായ പുലിക്കോട്ടിൽ കൃതികൾ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിനെക്കൊണ്ട് പുനഃപ്രസിദ്ധീകരിക്കുവാൻ അടിയന്തിരമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ആദിവാസി കലാരൂപങ്ങൾ സംരക്ഷിക്കാൻ നടപടി

15 [2995] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി കലാരൂപങ്ങൾ അന്യംനിന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആദിവാസി കലാരൂപങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആദിവാസി മേഖലയിലെ അവശ കലാകാരന്മാർക്കായി എന്തെങ്കിലും ക്ഷേമപദ്ധതികൾ നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ; എന്തെല്ലാം ക്ഷേമപദ്ധതികളാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ സംസ്ഥാനത്തെ ആദിവാസികളുടെ പ്രാചീന കലാരൂപങ്ങൾ നാശോന്മുഖമാകുന്നത് തടയുവാനായി കോഴിക്കോട് "കിർത്താഡ്സി"ന്റെ ആഭിമുഖ്യത്തിൽ "ആദികലാകേന്ദ്രം" എന്ന പേരിൽ ഒരു സ്ഥാപനം രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവതരണ കലാരൂപങ്ങളുടെ ഡോക്യുമെന്ററികൾ നിർമ്മിച്ചു സൂക്ഷിക്കുക; ഇവ പുതിയ തലമുറയ്ക്ക് പകർന്നുകൊടുത്ത് കലാരൂപങ്ങൾ പ്രചരിപ്പിക്കുക തുടങ്ങി ബഹുമുഖമായ പരിപാടികൾ ഈ സ്ഥാപനം നടപ്പാക്കുന്നു. മാത്രമല്ല, പട്ടികവർഗ്ഗ വികസന വകുപ്പ് എല്ലാ വർഷവും പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങളിൽ മത്സരങ്ങളും അവതരണ അവസരങ്ങളും ഒരുക്കുവാനായി ജില്ലാ/സംസ്ഥാനതല പട്ടികവർഗ്ഗ കലാകായികമേളകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ, സാംസ്കാരിക വകുപ്പിനുകീഴിലുള്ള കേരള ഫോക്ലോർ അക്കാദമി എല്ലാ പാരമ്പര്യ കലാരൂപങ്ങളെയും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly